കേരള യൂണിവേഴ്സിറ്റിയിലെ പുതിയ നിയമനം

1852 [2889] ശ്രീമതി കെ. ആർ. ഗൗരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീഡിഗ്രിബോർഡ് വിരുദ്ധ സമരത്തെത്തുടർന്ന് കേരള യൂണിവേഴ്സിറ്റിയിൽ പുതുതായി നിയമനങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്രപേരെ; ഗ്രേഡ് തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) ഇവരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 57 പേരെ. 29 സെക്കൻറ് ഗ്രേഡ് അസിസ്റ്റൻറുമാർ 9 ഇൻഡക്സിംഗ് അസിസ്റ്റൻറുമാർ 19 കാഷ്വൽ തൊഴിലാളികൾ.

(സി) ഇൻഡക്സിംഗ് അസിസ്റ്റൻറുമാരെയും കാഷ്വൽ തൊഴിലാളികളെയും പിരിച്ചുവിട്ടുകഴിഞ്ഞു. സെക്കൻറ് ഗ്രേഡ് അസിസ്റ്റൻറുമാരുടെ കാര്യത്തിൽ ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ സർവ്വീസിൽ താൽക്കാലികമായി തുടരാൻ സർവ്വകലാശാലാ സിൻഡിക്കേറ്റ് അനുവദിച്ചിട്ടുണ്ട്.

പ്രീഡിഗ്രി പരീക്ഷാ മാർക്ക് ലിസ്റ്റ് കിട്ടാത്ത വിദ്യാർത്ഥികൾ

1853 [2890] ശ്രീമതി കെ.ആർ. ഗൗരി: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സർവ്വകലാശാല 1986-ൽ നടത്തിയ പ്രീഡിഗ്രി പരീക്ഷാഫലത്തിന്റെ ഡീറ്റൈൽഡ് മാർക്ക് ലിസ്റ്റിനു അപേക്ഷിച്ച എത്ര വിദ്യാർത്ഥികൾക്ക് ഇനിയും മാർക്ക് ലിസ്റ്റ് നൽകാനുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

ഡീറ്റൈൽഡ് മാർക്ക് ലിസ്റ്റ് ആവശ്യപ്പെട്ട 1704 പേർക്ക് മാർക്ക് ലിസ്റ്റ് നൽകാനുണ്ട്.

ബദൽ സംവിധാനത്തെക്കുറിച്ച് അന്വേഷണം

1854 [2894] ശ്രീ. എ.വി. താമരാക്ഷൻ:
,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സർവ്വകലാശാലാ ജീവനക്കാരുടെ സമരകാലത്ത് പ്രീഡിഗ്രി പരീക്ഷാഫലം തയ്യാറാക്കാൻ ഏർപ്പെടുത്തിയ ബദൽ സംവിധാനത്തെക്കുറിച്ച് സമഗ്രമായൊരു അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഇതിനെക്കുറിച്ചുമാത്രമായി അന്വേഷണം നടത്തേണ്ട ആവശ്യം ഉണ്ടെന്നു കരുതുന്നില്ല.

കേരള യൂണിവേഴ്സിറ്റി പ്രീഡിഗ്രി റിസൽട്ട്

1855 [2895] ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ:
,, ആർ.എസ്. ഉണ്ണി:
ശ്രീമതി റെയിച്ചൽ സണ്ണി പനവേലി:
ശ്രീ. എ.കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റി ആദ്യം പ്രസിദ്ധപ്പെടുത്തിയ പ്രീഡിഗ്രി പരീക്ഷാ റിസൽട്ടിൽ എത്ര വിദ്യാർത്ഥിനികളാണ് ജയിച്ചത്;

(ബി) പുനഃപരിശോധനയിൽ എത്ര വിദ്യാർത്ഥിനികൾ ജയിച്ചുവെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) സർവ്വകലാശാലാ ജീവനക്കാരുടെ സമരകാലത്ത് പ്രീഡിഗ്രി പരീക്ഷാ ഫലം തയ്യാറാക്കാൻ ഏർപ്പെടുത്തിയ ഒരു ബദൽ സംവിധാനത്തെക്കുറിച്ച് സമഗ്രമായ ഒരന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 19,422 പേർ.

(ബി) പുനഃപരിശോധന (Re-valuation)-യിൽ പാസ്സായിട്ടില്ല.

(സി) ഇതിനുവേണ്ടി ഒരന്വേഷണം നടത്തണമെന്ന് ഗവൺമെന്റ് കരുതുന്നില്ല.

ഗ്രന്ഥശാലാസംഘം അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

1856 [2896] ശ്രീ. കെ. വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിലെ ഒരു കേഡർ തസ്തികയായ ഗ്രന്ഥശാലാസംഘം അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തിക നിർത്തലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികയിൽ ഗ്രന്ഥശാലാസംഘത്തിലെ ഒരു സൂപ്രണ്ടിനെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായി നിയമിച്ചിട്ടുണ്ടോ;

(ഡി) ഗവൺമെന്റ് കേഡറിൽപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് നിർവ്വഹിച്ചിരുന്ന എല്ലാ ജോലികളും അധികാരങ്ങളും രേണഘടനയുടെ 154-ാം വകുപ്പിനും ട്രഷറി കോഡിനും അനുസൃതമായി പുതിയതായി നിയമിക്കപ്പെട്ട ഉദ്യോഗസ്ഥന് നിർവ്വഹിക്കാൻ കഴിയുകയില്ലെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly